# ശ്രീ ശങ്കര വിദ്യാപീഠം കോളേജ് - വിമൻസ് ഹോസ്റ്റൽ പൊതു നിയമങ്ങൾ

1. കോളേജ് ഹോസ്റ്റലിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അന്തിമ തീരുമാനം പ്രിൻസിപ്പാളിന്റെതായിരിക്കും
2. എല്ലാ ഹോസ്റ്റൽ അന്തേവാസികളും ഹോസ്റ്റൽ നിയമങ്ങൾ അനുസരിച്ചു പ്രവർത്തിക്കാൻ ബാധ്യസ്ഥരാണ് .
3. എല്ലാ അന്തേവാസികളും ഹോസ്റ്റൽ ജീവനക്കാരോടും മറ്റു താമസക്കാരോടും,മാന്യമായി പെരുമാറേണ്ടതാണ് .
4. ഹോസ്റ്റലിൽ പ്രവേശം നൽകുന്ന കാര്യത്തിൽ അന്തിമ തീരുമാനം പ്രിൻസിപ്പാൾ /ഹോസ്റ്റൽ വാർഡിന്റേതായിരിക്കും
5. ഹോസ്റ്റലിൽ ബാധകമായ പഠനസമയം വൈകീട്ട് 5.30 മുതൽ രാത്രി 10 മണിവരെയാണ്.
6. വാർഡൻ /പ്രിൻസിപ്പൽ ന്റെ രേഖാമൂലമുള്ള അനുവാദം കൂടാതെ ആരെയും ഹോസ്റ്റലിൽ പ്രവേശിപ്പിക്കാൻ പാടില്ല
7. എല്ലാ വിദ്യാർത്ഥിനികളും വൈകീട്ട് 5.30 മുൻപായി ഹോസ്റ്റലിൽ കയറേണ്ടതാണ് .താമസിച്ചു എത്തുന്നവർ മുൻകൂട്ടി രേഖാമൂലം അനുവാദം വാങ്ങേണ്ടതാണ്.
8. ഹോസ്റ്റലിൽ മൊബൈൽ ഫോൺ നിബന്ധനകൾക്കു വിധേയമായി വൈകുന്നേരം 5.30 മുതൽ 6.30 വരെ ഉപയോഗിക്കാവുന്നതാണ് .
9. ഓരോ മുറിയിലും ആരെയാണ് താമസിപ്പിക്കേണ്ടതെന്നു തീരുമാനിക്കുന്നതിനുള്ള അധികാരം വാർഡൻ /പ്രിൻസിപ്പാളിനായിരിക്കും. വിദ്യാർഥിനികൾക്കു കൂടെ താമസിക്കുന്നവരെ തീരുമാനിക്കാൻ അവസരം ഉണ്ടായിരിക്കുന്നതല്ല
10. ഓരോ മുറിയും വൃത്തിയായും കൃത്യമായും സൂക്ഷിക്കേണ്ടത് ആ മുറിയിൽ താമസിക്കുന്നവരുടെ ഉത്തരവാദിത്വമാണ്. നാശനഷ്ടങ്ങൾ ഉണ്ടാകുന്ന പക്ഷം താമസക്കാരിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതായിരിക്കും
11. അവധിക്കാലത്തും കോളേജ് ഹോസ്റ്റലിൽ തുടരാനാഗ്രഹിക്കുന്നവർ മുൻകൂട്ടി രേഖാമൂലമുള്ള അനുവാദം വാങ്ങിക്കേണ്ടതാണ്.
12. ഹോസ്റ്റൽ താമസം അവസാനിപ്പിക്കുന്നതിന് മുൻപായി കൊടുത്തു തീർക്കാനുള്ള എല്ലാ തുകകളും കൊടുക്കേണ്ടതാണ്.
13. കോളേജിലെ ഹാജർ പഠനനിലവാരം അച്ചടക്കം എന്നിവയെ അടിസ്ഥാനമാക്കി ഹോസ്റ്റലിൽ നിന്നും വിദ്യാർത്ഥിനികളെ പുറത്താക്കാൻ വാർഡൻ /പ്രിൻസിപ്പാളിനു അധികാരം ഉണ്ടായിരിക്കും
14. Govt order No. 1157/12/86 H. Edn അനുസരിച്ചു റാഗ്ഗിങ് കോളേജിലും അനുബന്ധ സ്ഥാപനങ്ങളിലും നിരോധിച്ചിട്ടുള്ളതാണ്.ആർക്കെങ്കിലും എതിരെ അത്തരം പരാതികൾ ലഭിച്ചാൽ നിയമാനുസരണം അവ അധികാരികൾക്ക് കൈമാറുന്നതും തീരുമാനം ആകുന്നതു വരെ ഹോസ്റ്റലിൽ നിന്നും കോളേജിൽ നിന്നും പുറത്താക്കുന്നതുമാണ്.
15. ഹോസ്റ്റലിൽ പൊതുവായിട്ടുള്ളതും ഓരോരുത്തർക്കും അനുവദിച്ചിട്ടുള്ളതുമായ സ്ഥലങ്ങളിൽ മാത്രമേ പ്രവേശിക്കാവു. അനുവാദമില്ലാതെ മറ്റുമുറികളിൽ പ്രവേശിക്കുന്നതും മറ്റുള്ളവരെ സ്വന്തം മുറിയിലേക്ക് വിളിക്കുന്നതും അച്ചടക്കലംഘനമായി കണക്കാക്കുന്നതാണ്.
16. വിദ്യാർത്ഥിനികൾക്കുള്ള നിർദ്ദേശങ്ങളും പരാതികളും വാർഡനു രേഖാമൂലം നൽകാവുന്നതാണ്.
17. ഓരോരുത്തരുടെയും സ്വകാര്യവസ്തുക്കൾ സൂക്ഷിക്കേണ്ടത് അവരവരുടെ ഉത്തരവാദിത്വമാണ്.നഷ്ടപ്പെട്ടാൽ കോളേജ്/ഹോസ്റ്റൽ അധികാരികൾ ഉത്തരവാദികൾ

ആയിരിക്കില്ല.കഴിവതും വിലപിടിപ്പുള്ള വസ്തുക്കൾ കൊണ്ടുവരുന്നത് ഒഴിവാക്കാൻ ശ്രദ്ധിക്കുക.

18. ക്ലാസ് സമയങ്ങളിൽ വാർഡന്റെ രേഖാമൂലമുള്ള അനുവാദം കൂടാതെ ആരെയും ഹോസ്റ്റലിൽ തങ്ങുവാനനുവദിക്കുന്നതല്ല.
19. കോളേജ് കാമ്പസ്സിന് പുറത്തു പോകുന്ന വിദ്യാർഥിനികൾ രേഖാമൂലം അനുമതി വാങ്ങേണ്ടതും മൂവ്മെൻറ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്

മുകളിൽ കൊടുത്തിരിക്കുന്ന കാര്യങ്ങൾ ഞാൻ വായിച്ചു മനസിലാക്കി. അവ ഞാൻ അനുസരിച്ചു കൊള്ളാമെന്നു വാക്കു തരുന്നു.

എന്ന് .(പേര്)..........................................................................................................

ഒപ്പ് ..........................................

ക്ലാസ് ............................................................................ റൂം നമ്പർ ............................................

എൻറെ മകൾ ........................................................................... (പേര്) ..........................................(ക്ലാസ്) .മേൽപ്പറഞ്ഞ കാര്യങ്ങളിൽ വീഴ്ച വരുത്തുന്ന പക്ഷം കോളേജ് സ്വീകരിക്കുന്ന എന്ത് നടപടിയും അംഗീകരിച്ചു കൊള്ളാമെന്നു ഞാൻ ഉറപ്പു തരുന്നു.

പേര് ..........................................................................................................ഒപ്പ് ....................................................

സ്ഥലം
തീയ്യതി